# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബഹിരാകാശ മേഖലയിൽ രാജ്യം നേടിയ പുരോഗതിയിലൂടെ സാധാരണക്കാരുടെ ജീവിതം കൂടുതൽ മെച്ചപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi has said that India's progress in the space sector today is making the lives of ordinary citizens easier.**

2. ഇന്ത്യ - യു എസ് വ്യാപാര കരാർ ചർച്ചകൾ പുരോഗമിക്കുകയാണെന്നും തീരുമാനങ്ങൾ ദേശതാത്പര്യങ്ങൾക്കനുസരിച്ച് മാത്രമായിരിക്കുമെന്നും വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ.

   **External Affairs Minister Dr S Jaishankar says, trade negotiations with the US are still on; Asserts government is committed to defending the interest of the country.**

3. അമേരിക്കയിലേക്കുള്ള സേവനങ്ങൾ ഈ മാസം 25 മുതൽ താൽക്കാലികമായി നിർത്തിവെച്ചതായി തപാൽ വകുപ്പ്.

**Department of Posts under the Ministry of Communications has decided to temporarily suspend all postal articles to the US from 25th of August.**

4. **പ്രഥമ കേരള ഏവിയേഷൻ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു.**

**Chief Minister Pinarayi Vijayan inaugurated the first Kerala Aviation Summit in Kochi.**

5. **കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 7.45 ബില്യൺ യുഎസ് ഡോളറിന്റെ സമുദ്രോത്പന്ന കയറ്റുമതി നടത്തി ഇന്ത്യ.**

**India's seafood exports US$ 7.45 billion in FY 2024-25.**

6. **ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യക്ക് സ്വർണ്ണം.**

**And Indian Air Rifle Mixed Team of Arjun Babuta and Elavenil Valarivan bag gold medal at Asian Shooting Championship..**

&&&&&&&&&&&&&&&&&

## PM-SPACE DAY-INTRO

ബഹിരാകാശ മേഖലയിൽ രാജ്യം നേടിയ പുരോഗതിയിലൂടെ സാധാരണക്കാരുടെ ജീവിതം കൂടുതൽ മെച്ചപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്രമോദി. നൂതന സാങ്കേതിക വിദ്യകളിൽ ഇന്ത്യ അതിവേഗം മുന്നേറുകയാണെന്നും ദേശീയ ബഹിരാകാശ ദിനത്തോട് അനുബന്ധിച്ച് ISRO സംഘടിപ്പിച്ച പരിപാടിയിൽ നൽകിയ വീഡിയോ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. ഗഗൻയാൻ

ദൗത്യം എത്രയും വേഗം വിക്ഷേപിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

(വോയിസ്)

ഇന്ത്യൻ ബഹിരാകാശ മേഖലയെ സ്വകാര്യ മേഖലയ്ക്ക് തുറന്ന് നൽകിയതാണ് കഴിഞ്ഞ 11 വർഷത്തെ ഏറ്റവും വലിയ പരിഷ്കരണമെന്ന് ബഹിരാകാശ ദിനാഘോഷത്തെ അഭിസംബോധന ചെയ്യവെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

**VP-NOMINATIONS**

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ നടന്നു. മഹാരാഷ്ട്ര ഗവർണർ സിപി രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥിയായും മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

&&&&&&&&&&&&&&&&&&&

**JAISHANKAR – INTRO**

കർഷകരുടേയും ചെറുകിട ഉത്പാദകരുടേയും താൽപര്യം സംരക്ഷിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ന്യൂഡൽഹിയിൽ ET World Leaders Forum 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ - യു എസ് വ്യാപാര ചർച്ചകൾ പുരോഗമിക്കുകയാണെന്നും ദേശതാത്പര്യങ്ങൾക്കനുസരിച്ച് മാത്രമെ തീരുമാനങ്ങൾ കൈക്കൊള്ളുവെന്നും ശ്രീ ജയ്ശങ്കർ വ്യക്തമാക്കി.

**(VOICE)**

&&&&&&&&&&&&&&&&&&

**RAJNATH SINGH – DEFENCE**

തദ്ദേശീയമായി അഞ്ചാം തലമുറ യുദ്ധവിമാനങ്ങളും എഞ്ചിനുകളും നിർമ്മിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഇന്ത്യയെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

ഫ്രഞ്ച് കമ്പനിയായ സഫ്രാനുമായി ചേർന്ന് രാജ്യത്ത് യുദ്ധവിമാനങ്ങളുടെ എഞ്ചിൻ നിർമ്മാണം ആരംഭിക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. നവീകരണവും സാങ്കേതിക വികസനവും പ്രോത്സാഹിപ്പിച്ചും ആഭ്യന്തര കമ്പനികൾക്ക് അനുയോജ്യമായ വളർച്ചാ അന്തരീക്ഷം സൃഷ്ടിച്ചും ശക്തമായ പ്രതിരോധ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## POSTAL DEPARTMENT – US

അമേരിക്കയിലേക്കുള്ള തപാൽ സേവനങ്ങൾ ഈ മാസം 25 മുതൽ താൽക്കാലികമായി നിർത്തിവെച്ച് ഇന്ത്യ. 800 ഡോളർ വരെ വിലയുള്ള സാധനങ്ങൾക്കുണ്ടായിരുന്ന ഡ്യൂട്ടി-ഫ്രീ ഇളവ് പിൻവലിക്കാനുള്ള അമേരിക്കയുടെ ഉത്തരവിനെതുടർന്നാണ് തപാൽ വകുപ്പിൻറെ തീരുമാനം. ഇതിനകം ബുക്ക് ചെയ്യുതും യുഎസിലേക്ക് അയയ്ക്കാൻ കഴിയാത്തതത്തുമായ

വസ്തുക്കളിൻമേൽ ഉപഭോക്താക്കൾക്ക് റീഫണ്ട് തേടാവുന്നതാണ്.

&&&&&&&&&&&&&&&&&&

## MARINE PRODUCT EXPORT

2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 7.45 ബില്യൺ യുഎസ് ഡോളറിന്റെ സമുദ്രോത്പന്ന കയറ്റുമതി നടത്തിയതായി സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി ചെയർമാൻ ഡി വി സ്വാമി. അമേരിക്കയും ചൈനയുമാണ് ഇന്ത്യയിൽ

നിന്നുള്ള സമുദ്രോൽപ്പന്നങ്ങൾ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യു രാജ്യങ്ങളെന്ന് അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ശീതീകരിച്ച ചെമ്മീനായിരുന്നു രാജ്യം കയറ്റുമതി ചെയ്യുതിൽ ഏറ്റവും കൂടുതലെന്നും ശ്രീ ഡി. വി.സ്വാമി പറഞ്ഞു.

&&&&&&&&&&&&&&&&&&&

**KUTTANAD – GEORGE KUREIN**

കേരളത്തിലെ കുട്ടനാട്ടിൽ മത്സ്യകൃഷി വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പരീക്ഷാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. കേന്ദ്രമന്ത്രിയുടെ അധ്യക്ഷതയിൽ സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ ചേർന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. കുട്ടനാട്ടിലെ കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. നെൽകൃഷിയുമായി ചേർന്നുള്ള സംയോജിത മത്സ്യകൃഷി, കൂടുമത്സ്യകൃഷി, ഒരു മത്സ്യം ഒരു നെല്ല്, ബയോഫ്ളോക് മത്സ്യകൃഷി തുടങ്ങിയ രീതികൾ അടങ്ങുന്നതാണ് പദ്ധതി.

&&&&&&&&&&&&&&&&&&&

**CCPA– PENALTY**

COOL SCULPTING വഴി ശരീരഭാരം കുറയ്ക്കുമെന്ന തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് VLCC ലിമിറ്റഡിന് 3 ലക്ഷം രൂപ പിഴ ചുമത്തി കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി. വലിയ അളവിൽ ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കുമെന്ന്

വിശ്വസിപ്പിക്കുന്ന വ്യാജ ചിത്രങ്ങളും കമ്പനി പ്രചരിപ്പിച്ചതായി ഉപഭോക്തൃ കാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇത്തരം പരസ്യങ്ങളിൽ നിന്ന് ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## KERALA AVIATION SUMMIT-INTRO

വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന് ഏവിയേഷൻ ഉച്ചകോടി വേദിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രഥമ കേരള ഏവിയേഷൻ ഉച്ചകോടി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യോമയാന ചർച്ചകളിൽ കേരളത്തിൻറെ പ്രാതിനിധ്യം ഉറപ്പു വരുത്താനും നിക്ഷേപം പ്രോത്സാഹിപ്പിക്കാനും ഉച്ചകോടി പ്രയോജനപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(VOICE)

&&&&&&&&&&&&&&&&&&

## AMOEBIC MENINGOENCEPHALITIS

സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. കോഴിക്കോട് ചികിത്സയിലുള്ള മലപ്പുറം കാപ്പിൽ സ്വദേശിനിക്കാണ് പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. ഇതോടെ മെഡിക്കൽ കോളെജിൽ

ചികിൽസയിലുള്ളവരുടെ എണ്ണം ആറായി. അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ആരോഗ്യവകുപ്പ് ജാഗ്രത ശക്തമാക്കി.

&&&&&&&&&&&&&&&&&&

## SHOOTING – GOLD

കസാക്കിസ്ഥാനിൽ നടക്കുന്ന പതിനാറാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യയുടെ അർജുൻ ബാബുട്ടക്കും എലവേനിൽ വാലരിവാനും സ്വർണ്ണം .ഫൈനലിൽ ചൈനീസ് സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇരുവരുടെയും നേട്ടം.

&&&&&&&&&&&&&&&&&&

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെൻറ് ഫൈനലിൽ ഡയമണ്ട് ഹാർബർ എഫ്.സിക്കെതിരെ നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് ജയം. ഒന്നിനെതിരെ 6 ഗോളുകൾക്കാണ് ഡയമണ്ട് ഹാർബർ എഫ്.സിയെ പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

## GEORGE KURIAN

മലപ്പുറം, പാലക്കാട് ജില്ലകളിലെ യാത്രക്കാർക്ക് ആശ്വാസമായി നിലമ്പൂർ മെമു ഇന്ന് സർവീസ് ആരംഭിക്കും. നിലമ്പൂരിലേക്കുള്ള ട്രെയിനിൻറെ ആദ്യ യാത്ര ഇന്ന്

രാത്രി ഷൊർണ്ണൂരിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

&&&&&&&&&&&&&&&&&&

## AGP FOUNDATION

മാവേലിക്കര തഴക്കരയിൽ പ്രവർത്തിക്കുന്ന AGPഫൗണ്ടേഷൻ പത്താം വാർഷികം നാളെ എ.വി സംസ്കൃത സ്കൂളിൽ നടക്കും. മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യും. ഫൗണ്ടേഷൻ ചെയർമാൻ മുരളീധരൻ തഴക്കര അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹരിതകർമസേനാംഗങ്ങളെ ആദരിക്കുകയും ഓണസമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## IMD-WEATHER

അതിശക്തമായ മഴ മുന്നറിയിപ്പിനെ തുടർന്ന് കിഴക്കൻ രാജസ്ഥാനിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഡൽഹി, ബിഹാർ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, പഞ്ചാബ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസം കനത്ത മഴ ലഭിക്കും.

അതെസമയം, ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ കനത്ത മഴയെത്തുടർന്നുണ്ടായ മേഘവിസ്ഫോടനത്തിൽ വ്യാപകനാശം. രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ

പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## CBI-RAIDS AMBANI

ബാങ്ക് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് പ്രമുഖ വ്യവസായി അനിൽ അംബാനിയുടെ വീട്ടിൽ സി ബി ഐ പരിശോധന നടത്തി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 2,000 കോടിയിലധികം രൂപയുടെ നഷ്ടമുണ്ടായതായി കണ്ടെത്തിയ കേസിലാണ് നടപടി. നേരത്തെ, എസ് ബി ഐയിൽ നിന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അനിൽ അംബാനിയുടെ കമ്പനിയെ

തട്ടിപ്പ് നടത്തിയ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ തുടർ നടപടിയെന്ന നിലയിലാണ് പരിശോധന.

&&&&&&&&&&&&&&&&&&

## TN-GOVT. OFFENDERS

തമിഴ്നാട്ടിൽ കുറ്റവാളികൾക്കുള്ള ശിക്ഷാ നടപടിയുടെ ഭാഗമായി ആശുപത്രി വാർഡുകൾ വൃത്തിയാക്കൽ, ഒ.പി പരിചരണ സഹായം എന്നിവയുൾപ്പെടെ 16 സേവനങ്ങൾ നിർബന്ധിതമാക്കി. കോടതികളുമായി കൂടിയാലോചിച്ചാണ് ശിക്ഷാ നടപടികൾ ഏർപ്പെടുത്തിയത്. സേവനത്തിന്റെ തരവും ദൈർഘ്യവും കോടതി തീരുമാനിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&